# ശാപമാകുന്ന വാർദ്ധക്യം

ആന്റണി.ഇ.എ



ഫോട്ടോ: സുനിൽകുമാർ, സപര്യ

വർദ്ധിച്ചുവരുന്ന വൃദ്ധജനസംഖ്യ, കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വൻ പ്രശ്നങ്ങൾക്ക് ഇടയാക്കാൻ പോകുകയാണ്. മുത്തശ്ശൻമാരും, മുത്തശ്ശിമാരും, കുടുംബത്തിന്റെ സ്വത്തായി കരുതപ്പെട്ടിരുന്ന കാലം കഴിഞ്ഞിരിക്കുകയാണ്. പുതിയ കാഴ്ചപ്പാടുകൾ അനുസരിച്ച് കുടുംബത്തിന്റെ സ്വസ്ഥതയ്ക്കും, ക്രമത്തിനും വരുത്തുന്ന ബാദ്ധ്യതകളായി വൃദ്ധജനങ്ങൾ മാറിയിരിക്കുന്നു.

കേരളത്തിലെ വൃദ്ധജനങ്ങളുടെ എണ്ണം, രാജ്യത്തിന്റെ മറ്റേഭാഗത്തെ അപേക്ഷിച്ചു വളരെ കൂടുതലാണ്. 60നു മുകളിൽ പ്രായമുള്ളവർ സംസ്ഥാന ജനസംഖ്യയുടെ 12 ശതമാനത്തോളം (3 ദശലക്ഷം) വരുമെന്നാണ് കണക്ക്. എന്നാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏജിംഗ് ന്റെ കണക്കുകളനുസരിച്ച് ഇന്ത്യയിൽ 60 വയസുകഴിഞ്ഞവർ മൊത്തം ജനസംഖ്യയുടെ 7 ശതമാനം മാത്രമാണ്. കേരളത്തിന്റെ നിരക്കിനൊപ്പം രാജ്യമെത്താൻ ഇനിയും 20 വർഷം കൂടിയെങ്കിലും എടുക്കുമെന്നാണ് കരുതപ്പെടുന്നത്. അടുത്ത പത്തു വർഷത്തിനുള്ളിൽ, സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ എണ്ണം പല വികസിത രാജ്യങ്ങളിലെയും എണ്ണത്തിനൊപ്പം വരുമെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ജനസംഖ്യയുടെ 23 ശതമാനത്തോളം 60 വയസു കഴിഞ്ഞവരുള്ള സ്വീഡനാണ് കൂടുതൽ വൃദ്ധരുള്ള രാജ്യങ്ങളിൽ ഒന്നാമത്. അമേരിക്കയിലിത് ജനസംഖ്യയുടെ 17ശതമാനമാണ്.

സാമ്പത്തിക പുരോഗതി നേടിയ രാജ്യങ്ങളിലെല്ലാം വൃദ്ധജനങ്ങളോടു പുലർത്തിവരുന്ന മനോഭാവം നമ്മുടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഒരായുഷ്ക്കാലം മുഴുവൻ രാജ്യത്തിനു വേണ്ടി പ്രയത്നിച്ച ഇവർക്ക് ആദരണീയമായ സ്ഥാനമാണ് വികസിത രാജ്യങ്ങിലുള്ളത്. അതുകൊണ്ട്തന്നെ വൃദ്ധരുടെ ക്ഷേമ-പുനരധിവാസ പ്രവർത്തങ്ങളിൽ വേണ്ട ശുഷ്ക്കാന്തി കാട്ടാൻ വികസിത രാജ്യങ്ങൾക്ക് കഴിയുകയും, വാർദ്ധക്യം ഒരു പ്രശ്നമാണെന്ന ധാരണ പോലും ഇല്ലാതാക്കാനും ഇടയാക്കിയിട്ടുണ്ട്. എന്നാൽ നമ്മുടെ സമൂഹത്തിൽ വൃദ്ധജനങ്ങളെ ഒരു ബാദ്ധ്യതയായി കാണുന്ന അവസ്ഥാവിശേഷമാണ് നിലവിലുള്ളത്. സമൂഹത്തിന്റെ ജീവിതക്രമത്തിൽ വന്ന മാറ്റങ്ങളും പരമ്പരാഗത മൂല്യങ്ങളെ മാനിക്കാനുള്ള പ്രവണതയും അപചയവുമാണ് ഇത്തരമൊരു മനോഭാവം പ്രതിഫലിപ്പിക്കുന്നത്.

നമ്മുടെ സമൂഹത്തിൽ അടുത്തകാലം വരെ വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം വീട്ടിലെ ഏറ്റവും ഇളയ അംഗത്തിന്റെ ചുമതലയായിരുന്നു. മാതാപിതാക്കളുടെ സംരക്ഷണത്തിനുള്ള ആനുകൂല്യം എന്നരീതിയിൽ തറവാട് ഇളയമക്കൾക്കാണ് നൽകിപോന്നിരുന്നത്.

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അവർ കുടുംബങ്ങളിലേക്കുള്ള മാറ്റത്തിനിടയിൽ സംഭവിച്ച പ്രധാന പോരായമകളിലൊന്ന് വൃദ്ധമാതാപിതാക്കൾക്ക് മക്കളാരും തന്നെ തുണയല്ലാതാവുന്നു എന്നതാണ്. തിരക്കുപിടിച്ച ജീവിതചര്യകൾ, മാതാപിതാക്കൾക്കു വേണ്ടി വൃദ്ധസദനങ്ങൾ തേടാൻ മക്കളെ നിർബന്ധിതരാക്കുന്നു. ഇന്ത്യയിൽ വൃദ്ധസദനങ്ങളുടെ എണ്ണം ദിനം പ്രതി ഏറിവരികയാണ്. ഇവയിൽ 23 ശതമാനവും കേരളത്തിലാണെന്നതാണ് വസ്തുത. വൃദ്ധരെ പരിചരിക്കാൻ ആവശ്യകമായി സൗകര്യങ്ങളെല്ലാമുള്ള വൃദ്ധ സദനങ്ങൾ കേരളത്തിൽ തീരെയില്ല.

വയസ്സായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ആക്കുക വഴി, മാതാപിതാക്കളോടുള്ള കടമ പൂർണ്ണമായും നിർവഹിച്ചു എന്നു കരുതുന്നവരാണ് നമ്മുടെയിടയിൽ ഏറെയും.

വൃദ്ധജനങ്ങളുടെ ജീവിതം ആരുടെയും സഹതാപമർഹിക്കാൻ പോന്നതാണ്. അവഗണനയും, സ്വാതന്ത്ര്യമില്ലായ്മയും അവരെ മാനസിക നിലയുടെ തകിടം മറിയൽ ഉൾപ്പെടെയുള്ള രോഗങ്ങളിലേക്ക് വേഗം തള്ളിവിടുന്നു. കേരളത്തിലെ വൃദ്ധജനങ്ങളിൽ 60 ശതമാനം സ്ത്രീകളാണ്. ഇതിൽ 90 ശതമാനവും വിധവകളും, ജീവിതാനുഭവങ്ങളുടെ സമ്പുഷ്ടി പേറുന്ന വൃദ്ധജനങ്ങൾ, അഭിപ്രായ സ്വാതന്ത്ര്യം പോലും നഷ്ടപ്പെട്ട് മക്കൾ തീർത്ത തടവറയിൽ കഴിയാൻ വിധിക്കപ്പെടുന്നു.

തങ്ങളുടെ കുട്ടിക്കാലത്ത് മാതാപിതാക്കൾ നടത്തിയ ഏതെങ്കിലുമൊരു ദോഷകരമായ പ്രവർത്തിയുടെ പ്രതികാരം വീട്ടാനുള്ള അവസരമായി മാതാപിതാക്കളുടെ വാർദ്ധക്യത്തെ കാണുന്നവരും കുറവല്ല.

'പ്രായമായാൽ ഒരിടത്തടങ്ങി ഒതുങ്ങി കഴിയണമെന്ന' ശാസനത്തോടൊപ്പം വൃദ്ധരുടെ അടിസ്ഥാന അവകാശങ്ങളെക്കൂടിയാണ് നാം അവഗണിക്കുന്നത്.

വൃദ്ധരായ മാതാപിതാക്കളുടെ ക്ഷേമാർത്ഥം നിയമങ്ങൾ വരെയുണ്ട്. പക്ഷേ പലരും ഇതിനെക്കുറിച്ച ബോധവാന്മാരല്ല എന്നു മാത്രം. സി ആർ പി സി 125-ാം വകുപ്പ് അനുസരിച്ച് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാത്തത് കുറ്റകരമാണ്. ഇതിൻ പ്രകാരം, വരുമാനമുള്ള മക്കൾ മാതാപിതാക്കൾക്ക് ജീവനാംശം നൽകാൻ ബാദ്ധ്യസ്ഥരാണ്. പരമാവധി 500 രൂപവരെയാണ് ജീവനാംശം.

വൃദ്ധജനങ്ങളോട് സമൂഹം പുലർത്തിവരുന്ന മനോഭാവത്തിൽ കാതലായ മാറ്റം അനുപേക്ഷണീയമായിരിക്കുകയാണ്. പാശ്ചാത്യരാജ്യങ്ങളിൽ, സാമൂഹിക വിനോദങ്ങളിൽ പങ്കുചേരാൻ യുവജനങ്ങൾക്കൊപ്പം വൃദ്ധർക്കും അവസരം ലഭിക്കുന്നു.

സമൂഹത്തിന്റെ എല്ലാതുറകളിലും തങ്ങളുടെ സാന്നിദ്ധ്യം പ്രകടിപ്പിക്കാനുള്ള അവസരവും അവർക്കു ലഭിക്കുന്നു. എന്നാൽ നമ്മുടെ സമൂഹത്തിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട യാത്രകൾ മാത്രമാണ് വൃദ്ധർക്ക് വിധിച്ചിട്ടുള്ളത്.

തങ്ങളുടെ മാനസികവും, ശാരീരികവുമായ ഉണർവിനുതകുന്ന യാതൊരു സംഗതിയും വൃദ്ധർക്ക് ലഭിക്കാതെ പോകുന്നു. സമൂഹം അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങൾ അവരെ എളുപ്പത്തിൽ രോഗത്തിനും, മരണത്തിനും ഇരയാക്കിത്തീർക്കുന്നു.

നമ്മുടെ സമൂഹത്തിൽ നടന്നുവരുന്ന ഈ നിശബ്ദ കൊലപാതകങ്ങൾ അത്യന്തം നീചമെന്നേ പറയേണ്ടതുള്ളൂ. ഒരായുഷ്കാലം മുഴുവൻ സമൂഹത്തെ സേവിച്ചവരോട് നമ്മൾ കാണിക്കുന്ന നെറികേട് മാപ്പർഹിക്കാത്തതാണ്.

കാലത്തിന്റെ ഗതിയിൽ സകലർക്കും സംഭവിക്കുന്ന ഒരവസ്ഥയെ നിന്ദയോടും വെറുപ്പോടും കൂടി സമീപിച്ചാൽ, സംസ്കാര സമ്പന്നർ എന്നഭിമാനിക്കാൻ നമുക്കെന്തവകാശം. ◆